# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>പിന്നോക്ക സമുദായക്ഷേമ വകുപ്പ് ഘടനയും ലക്ഷ്യങ്ങളും</u>

877 ശ്രീ. വി. ഡി. സതീശൻ
,, ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായക്ഷേമ വകുപ്പ് കേരളത്തിൽ നിലവിൽ വന്നത് എന്നാണ് ;

(ബി) ഇതിന്റെ ഘടനയും ഉദ്ദേശലക്ഷ്യങ്ങളും എന്തെല്ലാമാണ് ;

(സി) പ്രാരംഭഘട്ടത്തിൽ പ്രസ്തുത വകുപ്പിന് എന്തു തുക അനുവദിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് സെക്രട്ടേറിയറ്റ് തലത്തിൽ പിന്നോക്ക സമുദായ വികസന വകുപ്പു രൂപീകൃതമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വകുപ്പിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്താണെന്ന് വിശദമാക്കുമോ ;

(ഇ) പ്രസ്തുത വകുപ്പിന് വേണ്ടി എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**2011-12 ബഡ്ജറ്റിൽ പട്ടികജാതി വകുപ്പിന് അനുവദിച്ച വിഹിതം**

**878 ശ്രീ. എ.കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന് 2011-12 ബഡ്ജറ്റിൽ പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ എന്ത് തുകയാണ് വകയിരുത്തിയിരുന്നത്; ഇതിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുക, ചെലവായ തുക, ശതമാനക്കണക്ക് എന്നിവ ഹെഡ് അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ 2012 ജനുവരി വരെ ഓരോ ഹെഡിലും എന്തുതുകയാണ് ചെലവായത്; ഇത് ബഡ്ജറ്റ് വിഹിതത്തിന്റെ എത്ര ശതമാനമായിരുന്നു;

(സി) പ്രസ്തുത പദ്ധതികൾക്ക് 2012, മാർച്ച് മാസത്തിൽ മാത്രം ഓരോ ഹെഡിലും എന്തുതുക ചെലവായി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

**പട്ടികജാതി-പിന്നോക്ക സമുദായ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതവും ചെലവും**

**879 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ പട്ടികജാതി-പിന്നോക്ക സമുദായ വകുപ്പിന്റെ ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും വകയിരുത്തിയ തുകയും മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കാമോ;

(ബി) പട്ടികജാതി-പിന്നോക്ക സമുദായ വകുപ്പിൽ 2011-12 വർഷം നീക്കിവെച്ചിരുന്ന പ്ലാൻഫണ്ടും ചെലവും ഇനം തിരിച്ച് അറിയിക്കാമോ;

(സി) 2011-12 വർഷം പട്ടികജാതി-പിന്നോക്ക സമുദായ വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയായിരുന്നു; ഓരോന്നിനും വകയിരുത്തിയ തുകയും മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയെന്നറിയിക്കാമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

**<u>പിന്നോക്കക്ഷേമ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിയ പദ്ധതികൾ</u>**

880 ശ്രീ. ഷാഫി പറമ്പിൽ
,, എ. റ്റി. ജോർജ്
,, ടി. എൻ. പ്രതാപൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പിന്നോക്കക്ഷേമ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് എന്ത് തുക വിതരണം ചെയ്തുവെന്ന് പറയാമോ;

(സി) കോർപ്പറേഷന്റെ പരിധിയിലുള്ള ദുർബലവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കടാശ്വാസ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>പട്ടികജാതിക്കാരുടെ ക്ഷേമത്തിനായുള്ള നടപടികള്‍</u>

881 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിന് എന്തൊക്കെ നടപടികള്‍ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഇനത്തില്‍ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>പട്ടികസമുദായ ക്ഷേമ വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക</u>

882 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടിക സമുദായ ക്ഷേമവകുപ്പു മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ അനുവദിച്ച തുക എത്രയെന്നു വെളിപ്പെടുത്താമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഈ ഇനത്തിൽ അനുവദിച്ച തുകയുടെ ജില്ലാതല വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം വയനാട് ജില്ലയിൽ അനുവദിച്ച തുകയുടെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം

883 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ഉള്ളത് ; ഇവയിൽ ഓരോന്നിനും എന്തു തുക വീതം നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

**<u>നൂറുദിന കർമ്മ പരിപാടിയിൽ പിന്നോക്ക സമുദായക്ഷേമ വകുപ്പിന്റെ പദ്ധതികൾ</u>**

**884 ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും പരിപാടികളും ഏതൊക്കെയാണ് ;

(ബി) പ്രസ്തുത പദ്ധതികളുടെ സാമ്പത്തികവും ഭൗതികവുമായ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ക്ലാസിഫൈ ചെയ്ത പട്ടികജാതി കോളനികൾ</u>

885 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പട്ടികജാതി കോളനികൾ ഉള്ളതായിട്ടാണ് ക്ലാസിഫൈ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; കോഴിക്കോട് ജില്ലയിൽ എത്ര കോളനികളുണ്ട്;

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ ക്ലാസിഫൈ ചെയ്തിട്ടുള്ള പട്ടികജാതി കോളനികൾ ഏതെല്ലാം; അത് എവിടെയെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പട്ടികജാതി ക്ഷേമ പദ്ധതികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ;

(ഡി) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാം എന്നും അത് ഏത് പഞ്ചായത്തുകളിലാണ് എന്നും വ്യക്തമാക്കുമോ; ഓരോ പദ്ധതിയും ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദീകരിക്കുമോ;

(ഇ) സർക്കാരിന്റെ 100 ദിന പരിപാടിയിൽ എത്ര പട്ടികജാതി ക്ഷേമ പദ്ധതികൾ പ്രഖ്യാപിച്ചു എന്നും ഒരു വർഷകാലയളവിൽ എത്രയെണ്ണം നടപ്പിലാക്കി എന്നും വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾ വിശദീകരിക്കുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

**<u>ഭൂരഹിതരായ പട്ടികജാതിക്കാർ</u>**

886 ശ്രീ. എം.എ. ബേബി
,, എം. ഹംസ
,, പുരുഷൻ കടലുണ്ടി
ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ അരലക്ഷത്തിലധികം പട്ടികജാതി കുടുംബങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമിയും വീടും അനുവദിക്കുന്നതിനായി കഴിഞ്ഞ ബജറ്റിൽ എന്ത് തുകയാണ് അനുവദിച്ചിരുന്നത് ; അതിൽ എന്ത് തുക ചെലവഴിച്ചു ;

(സി) ഭൂരഹിതരായ പട്ടികജാതിക്കാർക്ക് സ്ഥലവും വീടും നൽകാനുള്ള പദ്ധതി ലക്ഷ്യം നേടിയോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**'സെൽഫ് സഫിഷ്യന്റ് വില്ലേജ് പദ്ധതി'**

887 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്ഷേമ വകുപ്പ് പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 'സെൽഫ് സഫിഷ്യന്റ് വില്ലേജ്' എന്നൊരു പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(ബി) എത്ര കുടുംബങ്ങളുള്ള പട്ടികജാതി സങ്കേതങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) പട്ടികജാതി സങ്കേതങ്ങളുടെ പട്ടിക തയ്യാറാക്കിയിരിക്കുന്ന ഏജൻസി ഏതാണ്;

(ഡി) അവസാനമായി ഈ പട്ടിക തയ്യാറാക്കിയത് എന്നാണ്;

(ഇ) ഈ പദ്ധതിയിൽ ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽനിന്നും ഏതെല്ലാം പട്ടികജാതി കോളനികളെ ഉൾപ്പെടുത്തിയിട്ടുണ്ട്?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

**പട്ടികജാതി വകുപ്പിന്റെ കീഴിൽ കണ്ണൂർ ജില്ലയിലുള്ള നഴ്സറി സ്ക്കൂളുകളിലെ ടീച്ചർ നിയമനം**

888 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെ കീഴിൽ കണ്ണൂർ ജില്ലയിലുള്ള നഴ്സറി സ്ക്കൂളുകളിലെ ടീച്ചർ തസ്തികയിലേയ്ക്ക് ജില്ലാ പി.എസ്.സി. നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴാണ് ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഒന്നാം റാങ്കുകാരിയായ ശ്രീമതി പി. വി. ഗൗരിയെ നിയമിക്കുന്നതിനുള്ള തടസ്സം എന്താണ് ; ശ്രീമതി പി. വി. ഗൗരിക്ക് നിയമനം നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

**<u>ചേലക്കരയിൽ എസ്.സി.പി. ഫണ്ട് ഉപയോഗിച്ചുള്ള കുടിവെള്ള പദ്ധതികൾ</u>**

889 **ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കേണ്ട ഏതെല്ലാം കുടിവെള്ള പദ്ധതികളുടെ അപേക്ഷകളാണ് പട്ടികജാതി വികസന വകുപ്പിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിയ്ക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങളും അവ അംഗീകരിക്കുന്നതിനായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ ;

(സി) അവയിൽ ജില്ലാ-സംസ്ഥാന തല വർക്കിംഗ് ഗ്രൂപ്പുകളുടെ പരിഗണനയിലുള്ള പദ്ധതികൾ ഏതെല്ലാമാണ് ;

(ഡി) രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പട്ടികജാതി കോളനികൾക്കുവേണ്ടി സമർപ്പിക്കപ്പെട്ട പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുവാനും അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ചാത്തന്നൂരിലെ പ്രീമെട്രിക് ഹോസ്റ്റൽ</u>

890 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇത്തിക്കര ബ്ലോക് പഞ്ചായത്തിന്റെ പരിധിയിൽ ചാത്തന്നൂരിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ള പ്രീ മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണത്തിനായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നത് ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണം ഏത് ഏജൻസിയാണ് ഏറ്റെടുത്തിട്ടുള്ളതെന്നും എന്നത്തേക്ക് പണി പൂർത്തീകരിക്കുവാൻ കഴിയുമെന്നും അറിയിക്കാമോ ;

(സി) പ്രീ മെട്രിക് ഹോസ്റ്റലിന് ആവശ്യമായി വരുന്ന ഫർണിച്ചറുകളും അനുബന്ധ സാധനങ്ങളും ലഭ്യമാക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>പെരുങ്ങോട്ടുകുറിശ്ശി മോഡൽ റെസിഡൻഷ്യൽ സ്ക്കൂൾ</u>

891 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോട്ടുകുറിശ്ശി മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ (പഴയ കുഴൽമന്ദം) നിർമ്മാണത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുളളത്; ഏത് ശീർഷകത്തിലാണ് ഈ തുക അനുവദിച്ചിരിക്കുന്നത്; കൺസൾട്ടന്റ് ആയി കിറ്റ്കോ എത്ര രൂപയ്ക്കാണ് നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ നൽകിയിട്ടുളളത്;

(ബി) കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഇലക്ട്രിക്കൽ ജോലികൾ കിറ്റ്കോ നൽകിയ ടെണ്ടറിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രത്യേകം ടെണ്ടർ നൽകിയിട്ടുണ്ടോ; പ്രസ്തുത പണികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനുളള തുക പി. ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പട്ടികജാതി വകുപ്പിന്റെ ടി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതുവരെ എത്രരൂപ ഏതൊക്കെ തീയതികളിൽ കരാറുകാരന്റെ ബില്ലുപ്രകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഹെഡിൽ പണമില്ലാത്തിനാൽ ബിൽ തുക മാറാൻ കഴിയാത്ത സാഹചര്യമുണ്ടോ; എങ്കിൽ പണി പൂർത്തിയാകുന്ന മുറയ്ക്ക് ബിൽ തുക മാറി നൽകാൻ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ വാർഡൻമാരുടെ ഒഴിവുകൾ</u>

892 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ വാർഡൻമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പാലക്കാട് ജില്ലയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

ഒ.ബി.സി വിദ്യാർത്ഥികൾക്ക് കേന്ദ്ര ആനുകൂല്യങ്ങൾ

893 ശ്രീ. ലൂഡി ലൂയിസ്
,, എ.റ്റി. ജോർജ്
,, ഷാഫി പറമ്പിൽ
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഒ.ബി.സി വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് ഇത് വിതരണം ചെയ്യുവാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

### <u>പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ</u>

894 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) എത്ര തുക ഇതിനായി ഈ വർഷം ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) എന്തെല്ലാം പരിശീലന പരിപാടികളാണ് ഇപ്പോൾ നടത്തിവരുന്നത്; കൂടുതൽ പരിശീലന പരിപാടികൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ്</u>

**895** **ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാ
രവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഉദ്ഘാടനം കഴിഞ്ഞ വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിൽ ഈ അദ്ധ്യയനവർഷം മുതൽ ക്ലാസ്സുകൾ ആരംഭിക്കുമോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ബ്രാഞ്ചുകളിലായി എത്ര കുട്ടികൾക്കാണ് പ്രവേശനം നൽകാൻ ഉദ്ദേശിക്കുന്നത്;

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പുറമെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മറ്റ് സമുദായത്തിലെ കുട്ടികൾക്കും കൂടി ഒരു നിശ്ചിത ശതമാനം സീറ്റിൽ പ്രവേശനം നൽകുമോ;

(ഡി) ഈ സ്ഥാപനത്തിൽ പഠനം പൂർത്തിയാക്കുന്നവർക്കുള്ള സർട്ടിഫിക്കറ്റുകൾ നൽകുന്നത് ഏത് പരീക്ഷാ ബോർഡാണ്; പ്രസ്തുത സർട്ടിഫിക്കറ്റുകൾ നിലവിലുള്ള ഏത് സർട്ടിഫിക്കറ്റുകൾക്ക് തുല്യമായിരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.06.2012-ലെ മറുപടിക്ക്

<u>ടൂറിസം വികസന പദ്ധതികൾ</u>

896

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസത്തിന്റെ വളർച്ചയ്ക്ക് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും ടൂറിസം രംഗത്ത് എത്രമാത്രം വളർച്ച കൈവരിച്ചുവെന്നും എത്ര കോടി രൂപയുടെ വിദേശനാണ്യം നേടി എന്നും വ്യക്തമാക്കുമോ;

(ബി) ആഭ്യന്തര - വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് പുതുതായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 13.06.2012-ലെ മറുപടിക്ക്

<u>വിദേശ വിനോദ സഞ്ചാരികൾ</u>

897 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും**
**വിനോദസഞ്ചാരവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മുതൽ 2012 മേയ് വരെ കേരളത്തിൽ എത്തിയ വിദേശ വിനോദ സഞ്ചാരികളുടെ കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇക്കാലയളവിൽ ഏറ്റവുമധികം ടൂറിസ്റ്റുകൾ സന്ദർശിച്ച ടൂറിസ്റ്റ് കേന്ദ്രം ഏതാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>നിള നദി വികസനം</u>

898 ഡോ. കെ. ടി. ജലീല്‍
ശ്രീ. കെ. രാധാകൃഷ്ണന്‍
,, എം. ഹംസ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ നദികളുമായി ബന്ധപ്പെട്ട ടൂറിസം വികസനത്തിനുള്ള മുന്‍ സര്‍ക്കാരിന്റെ പദ്ധതികള്‍ ഏതൊക്കെയാണ് ;

(ബി) നിള നദിയുടെ സമഗ്ര വികസനത്തിനും ടൂറിസം വികസനത്തിനുമായി മുന്‍ സര്‍ക്കാരിന്റെ കാലത്ത് നടപ്പാക്കിയ പ്രവര്‍ത്തനങ്ങള്‍ വിലയിരുത്തിയിട്ടുണ്ടോ ;

(സി) നിള നദി വികസന മാസ്റ്റര്‍പ്ലാന്‍ തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; എങ്കില്‍ ആരൊക്കെയായിരുന്നു വിദഗ്ദ്ധ സമിതി അംഗങ്ങള്‍ ;

(ഡി) പ്രസ്തുത സമിതിയുടെ റിപ്പോര്‍ട്ട് മേശപ്പുറത്ത് വയ്ക്കുമോ ;

(ഇ) പ്രസ്തുത വികസന പദ്ധതി സപ്തധാരാ പദ്ധതിയില്‍പ്പെടുത്തി ആരംഭിക്കാന്‍ കഴിഞ്ഞിട്ടുണ്ടോ; ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം എന്തൊക്കെ പ്രവൃത്തികളാണ് പൂര്‍ത്തിയാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ടൂറിസം രംഗത്ത് പി.പി.പി. അടിസ്ഥാനത്തിലുള്ള പദ്ധതികൾ</u>

899

ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്ത് സംസ്ഥാനത്തിന്റെ വിപുലമായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസം മേഖലയിൽ പി.പി.പി. അടിസ്ഥാനത്തിൽ വലിയ തോതിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

ഡി. റ്റി. പി. സി. കളുടെ പുന:സംഘടന

900 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ടൂറിസം പ്രൊമോഷൻ കൗൺസിലുകളൂടെ ജനറൽ ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും പുന:സംഘടിപ്പിച്ചിട്ടുണ്ടോ;

(സി) നിലവിൽ ഓരോ ജില്ലയിലുമുള്ള ഡി. റ്റി. പി. സി. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഡി. റ്റി. പി. സി. കളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തൊക്കയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>വിനോദസഞ്ചാര വകുപ്പിന് വകയിരുത്തിയ തുക</u>

901 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബജറ്റിൽ വിനോദസഞ്ചാര വകുപ്പിൽ ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും വകയിരുത്തിയ തുകയും മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കാമോ;

(ബി) വിനോദ സഞ്ചാര വകുപ്പിൽ 2011-12 സാമ്പത്തിക വർഷം നീക്കിവച്ചിരുന്ന പ്ലാൻ ഫണ്ടും ചെലവും ഇനം തിരിച്ച് അറിയിക്കാമോ;

(സി) 2011-12 കാലയളവിൽ വിനോദസഞ്ചാര മേഖലയ്ക്ക് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയായിരുന്നു; ഓരോന്നിനും വകയിരുത്തിയിരുന്ന തുകയും 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയെന്നറിയിക്കാമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സമഗ്ര വികസനം</u>

902 ശ്രീ. പി. എ. മാധവൻ
,, വി. ഡി. സതീശൻ
,, എം. എ. വാഹീദ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുപ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സമഗ്രവികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നല്കുമോ;

(ബി) എങ്കിൽ എത്ര വിനോദസഞ്ചാര കേന്ദ്രങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ഈ പദ്ധതി എത്ര വർഷം കൊണ്ടാണ് യാഥാർത്ഥ്യമാക്കാനുദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതിയിൽ പുതിയതും അറിയപ്പെടാത്തതുമായ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉൾപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ</u>

903 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിനായി കഴിഞ്ഞ വർഷം എത്ര രൂപയാണ് ചെലവഴിച്ചത്;

(ബി) ഈ പദ്ധതികൊണ്ട് വിനോദസഞ്ചാരമേഖലയ്ക്ക് ഉണ്ടായ നേട്ടങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ വർഷം ഏത് കാലയളവിലാണ് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തൊക്കെ ക്രമീകരണങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിലെ ടൂറിസം പദ്ധതികൾ</u>

904 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം പദ്ധതികളാണ് ടൂറിസം വകുപ്പ് നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(ബി) പുളിമാത്ത് ഗ്രാമ പഞ്ചായത്തിൽ വരുന്ന കടലുകാണിപ്പാറയെ ടൂറിസം സെന്ററാക്കി വികസിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(സി) എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>അമ്പലപ്പുഴയിലെ ടൂറിസം പദ്ധതികൾ</u>

905 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ സംസ്ഥാന ടൂറിസം ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എം. എൽ. എ ചില പദ്ധതി നിർദ്ദേശങ്ങൾ നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) അമ്പലപ്പുഴ എം. എൽ. എ സമർപ്പിച്ച ടൂറിസം പദ്ധതി നിർദ്ദേശങ്ങൾ പരിഗണിച്ച് സംസ്ഥാന ടൂറിസം ഫണ്ടിൽ നിന്ന് ആവശ്യമായ തുക അനുവദിക്കുമോ;

(ഡി) അമ്പലപ്പുഴ മണ്ഡലത്തിൽ ടൂറിസം വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ഗ്രാമീണ ടൂറിസം കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകൾ</u>

906 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഗ്രാമീണ ടൂറിസം കേന്ദ്രങ്ങളിലെ എത്ര റോഡുകൾ അറ്റകുറ്റപ്പണികൾക്കും നിർമ്മാണത്തിനുമായി തെരഞ്ഞെടുത്തു, അതിൽ എത്ര റോഡുകളുടെ നിർമ്മാണം ആരംഭിച്ചു;

(ബി) നടപ്പുസാമ്പത്തിക വർഷം ഇപ്രകാരം എത്ര റോഡുകൾ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) നടപ്പു സാമ്പത്തിക വർഷം കോട്ടയം, ഇടുക്കി ജില്ലകളിലെ എത്ര റോഡുകൾ ഗതാഗതയോഗ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്; പ്രസ്തുത റോഡുകളുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ ടൂറിസം പദ്ധതികൾ</u>

907 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഈ വർഷം പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന ടൂറിസം പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) നിർമ്മാണ പ്രവർത്തികൾ പുരോഗിക്കുന്ന ടൂറിസം പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) നിലവിലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസന പ്രവർത്തനങ്ങൾ പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പ്രവർത്തികളാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ ടൂറിസ്റ്റ് അനുബന്ധ കേന്ദ്ര വികസനം</u>

908 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ ബിയ്യം കായലും മറ്റ് അനുബന്ധ കേന്ദ്രങ്ങളും വേണ്ടത്ര പദ്ധതികളില്ലാത്തതുമൂലം ടൂറിസ്റ്റുകൾക്ക് ഉപയോഗപ്രദമാക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ബോട്ട്ജെട്ടി നവീകരണം, നടപ്പാത, ലൈറ്റുകൾ സ്ഥാപിക്കൽ, റഗുലേറ്ററിന്റെ ഇരു കരകളിലും ഉദ്യാനങ്ങൾ അടക്കമുള്ള പദ്ധതികൾ ഉടൻ തുടങ്ങാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്ഥലത്ത് ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ള വാട്ടർ സ്പോർട്ട്സ് അക്കാദമിയുടെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്; അവിടെ ഈ വർഷം പരിശീലനം തുടങ്ങാൻ സാധിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

ഒട്ടുംപുറത്തെ ടൂറിസം വികസനം

909

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിലെ ഒട്ടുംപുറം ഏറെ ടൂറിസ വികസന സാദ്ധ്യതകളുള്ള പ്രദേശമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ തുടക്കം കുറിച്ചിട്ടുള്ള ടൂറിസം പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) ഈ പ്രദേശത്ത് ബോട്ടിംഗ് അടക്കമുള്ള തുടർ പദ്ധതികൾ നടപ്പാക്കുമോ?

# കേരള നിയമസഭ
# 13.06.2012-ലെ മറുപടിക്ക്

<u>കോട്ടക്കുന്ന് ടൂറിസം പദ്ധതി</u>

910 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടക്കുന്ന് ടൂറിസം പദ്ധതിയുടെ നവീകരണ ജോലികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) എന്തെല്ലാം പുതിയ പദ്ധതികളാണ് ഇവിടെ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന രീതിയിൽ ഈ ടൂറിസം പദ്ധതി വികസിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ;

(ഡി) വിവിധ ഘട്ടങ്ങളിലായി ഇതുവരെ എന്തു തുക നവീകരണ ജോലികൾക്കായി ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>നിള ടൂറിസം പാക്കേജ്</u>

911 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡി.ടി.പി.സി അംഗീകാരം നൽകിയ നിള ടൂറിസം പാക്കേജിനെ സംബന്ധിച്ചും അതിന്റെ നിലവിലുള്ള അവസ്ഥയെ സംബന്ധിച്ചുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) എന്ത് തുകയുടെ ടൂറിസം പാക്കേജിനാണ് ഡി.ടി.പി.സി അംഗീകാരം നൽകിയത്; എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പാക്കേജ് അടിയന്തിരമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ</u>

912

ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പ്രവർത്തിക്കുന്ന ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും സേവന വേതന വ്യവസ്ഥകൾ അംഗീകരിച്ചു നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സേവന വേതന വ്യവസ്ഥകൾ അംഗീകരിച്ചു നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ജീവനക്കാർക്കും അദ്ധ്യാപകർക്കും ഇപ്പോൾ നൽകുന്ന വേതനം സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 13.06.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് ബിച്ച് വൈദ്യുതീകരണം</u>

913 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് ബീച്ച് സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പുതുതായി വികസിപ്പിച്ച ഭാഗങ്ങളിൽ വൈദ്യുതീകരണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് ബീച്ച് സൗന്ദര്യവല്‍ക്കരണം</u>

914 ശ്രീ. എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ബീച്ച് സൗന്ദര്യവല്‍ക്കരണത്തിന്റെ ഭാഗമായി പുതുതായി വികസിപ്പിച്ച ഭാഗങ്ങള്‍ വൃത്തിഹീനമായിക്കിടക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഈ സ്ഥലങ്ങള്‍ സംരക്ഷിക്കുന്നതിന് ഡി.റ്റി.പി.സി. എന്തെങ്കിലും നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കില്‍ ഇക്കാര്യത്തില്‍ ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് ബീച്ച് സൗന്ദര്യവല്‍ക്കരണം</u>

915 ശ്രീ. എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ബീച്ച് സൗന്ദര്യവല്‍ക്കരണത്തിന്റെ ഭാഗമായി പുതുതായി വികസിപ്പിച്ച ഭാഗങ്ങളിലെ ടോയ്‌ലറ്റുകള്‍,
കഫറ്റേരിയ മുതലായവ വാടകയ്ക്കു കൊടുക്കുന്നതിനാവശ്യായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വാടകയ്ക്കു കൊടുക്കുന്നതിനാവശ്യമായ നടപടികള്‍ സ്വീകരിച്ചിട്ടില്ലെങ്കില്‍ ആയതിന്റെ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>മാടായിപ്പാറയിലെ അനധികൃത കയ്യേറ്റം</u>

916 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ മാടായിപ്പാറയിലെ അനധികൃത കയ്യേറ്റശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സ്ഥലം സംരക്ഷിക്കുന്നതിനും അതിനെ വിനോദസഞ്ചാര മേഖലയാക്കി വികസിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ബേക്കൽ എയർ സ്ട്രിപ്പ്</u>

917 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേക്കൽ എയർ സ്ട്രിപ്പ് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ഡി. ടി. പി. സി. യിലെ ജീവനക്കാര്‍</u>

918 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി
നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ ഡി. ടി. പി. സി. യുടെ കീഴില്‍ എത്ര സ്ഥാപനങ്ങള്‍ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ;

(ബി) ഡി. ടി. പി. സി. യില്‍ ആകെ എത്ര ജീവനക്കാരുണ്ടെന്നും ഓരോരുത്തരുടെയും പ്രതിമാസ വേതനം എത്രയാണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത ജീവനക്കാര്‍ക്ക് സര്‍ക്കാര്‍ പ്രഖ്യാപിച്ച മിനിമം വേതനം നല്‍കുന്നുണ്ടോ എന്നും ഇല്ലെങ്കില്‍ ആയതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>വയനാട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ പദ്ധതികൾ</u>

919 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ടൂറിസം പ്രമോഷൻ കൗൺസിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിൽ വനം വകുപ്പിന്റെ അനുമതി ആവശ്യമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ഭൂതത്താൻകെട്ട് ടൂറിസം മേഖലയിലെ ഉപയോഗശൂന്യമായ കെട്ടിടങ്ങൾ</u>

920 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ ഭൂതത്താൻകെട്ട് ടൂറിസം മേഖലയിൽ ഉപയോഗശൂന്യമായി കിടക്കുന്ന കെട്ടിടങ്ങൾ ടൂറിസം വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടങ്ങൾ ഈ മേകയിലെ ടൂറിസം വളർച്ചയ്ക്ക് ഗുണകരമാകുന്ന നിലയിൽ ടൂറിസം വകുപ്പിന് കൈമാറുന്നതിനു കാലതാമസം നേരിടുന്നത് ഒഴിവാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ഭൂതത്താൻകെട്ട് ടൂറിസം മേഖല</u>

921 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട് ടൂറിസം മേഖലയുടെ വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂതത്താൻകെട്ട് ടൂറിസം മേഖലയിൽ ബോട്ടിംഗ് സൗകര്യം വ്യാപകമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഭൂതത്താൻകെട്ട് ടൂറിസം മേഖലയുടെ സമഗ്ര വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>മുസ്സിരിസിലെ ഹെറിറ്റേജ് പ്രോജക്ട്</u>

922 ശ്രീ. ടി. എൻ. പ്രതാപൻ
,, എം. പി. വിൻസന്റ്
,, പാലോട് രവി
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുസ്സിരിസിലെ ഹെറിറ്റേജ് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) മുസ്സിരിസ്സിനെ സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാരകേന്ദ്രമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

ക്രൂയിസ് വെസൽ സാധ്യതാ പഠനം

923 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഴിഞ്ഞം മുതൽ മംഗലാപുരം വരെയുള്ള കടൽത്തീരത്ത് ക്രൂയിസ് വെസൽ പ്രവർത്തിപ്പിക്കാനുള്ള
സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആരാണ് സാധ്യതാ പഠനം നടത്തിയത്; പഠനത്തിലൂടെ എത്തിച്ചേരുന്ന നിഗമനങ്ങളുടെ വിശദമവിവരം ലഭ്യമാക്കുമോ ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2012 ജൂൺ 4.

പി. കെ. മുരളീധരൻ,
സെക്രട്ടറി - ഇൻ - ചാർജ്

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.